# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.826 — 30.01.2019 -ൽ മറുപടിയ്ക്ക്

### രക്തസാക്ഷ്യം-2018

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ : | **ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ മന്ത്രി** |
| എ) സംസ്ഥാനത്ത് രക്തസാക്ഷ്യം-2018 എന്ന ആഘോഷ പരിപാടി ആചരിച്ച വരുന്നുണ്ടോ; വിശദമാക്കാമോ; | എ) രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികാചരണങ്ങളുടെ ഭാഗമായി രക്തസാക്ഷ്യം 2018 എന്ന പേരിൽ ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന ആചരണ പരിപാടികൾ സംസ്ഥാന സർക്കാർ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഗാന്ധിജി കേരളത്തിൽ സന്ദർശനം നടത്തിയ പയ്യന്നൂർ, പാലക്കാട്, തവനൂർ, വൈക്കം, വെങ്ങാനൂർ തുടങ്ങിയ സ്ഥലങ്ങളിലും ജില്ലാ, ബ്ലോക്ക് കേന്ദ്രങ്ങളിലും ഗാന്ധി സ്മൃതിയുണർത്തുന്ന വിപുലമായ പരിപാടികൾ സംഘടിപ്പിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണം, പൊതുവിദ്യാഭ്യാസം, മ്യൂസിയം, പുരാവസ്തു, പുരാരേഖ, വിവരപൊതുജന സമ്പർക്ക വകുപ്പുകൾ, ഗ്രന്ഥശാലാ സംഘം, കുടുംബശ്രീ മിഷൻ, ഗാന്ധി സ്മാരകനിധി, ഗാന്ധി പീസ് ഫൗണ്ടേഷൻ, സർവ്വകലാശാല യൂണിയനുകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് തുടങ്ങിയവയുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പരിപാടികൾ സംഘടിപ്പിക്കുന്നത്. അതിൽ തവനൂർ ഒഴികെയുള്ള നാലു സ്ഥലങ്ങളിലും ആചരണം പൂർത്തിയായി. 2019 ഫെബ്രുവരി 9 മുതൽ 14 വരെ സർവ്വോദയ മേളയുമായി സഹകരിച്ച് തവനൂരിൽ വിപുലമായ രീതിയിൽ രക്തസാക്ഷ്യം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. |
| ബി) ഉണ്ടെങ്കിൽ പ്രസ്തുത ആഘോഷങ്ങൾക്കായി നാളിതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ വിശദമാക്കാമോ; ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ; | ബി) പയ്യന്നൂരിൽ സാഹിത്യ അക്കാദമിയുമായി സഹകരിച്ച് മൂന്നു ദിവസത്തെ രക്തസാക്ഷ്യം പരിപാടി നടത്തി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കലാപരിപാടികൾ ഒഴിവാക്കിയാണ് പരിപാടികൾ സംഘടിപ്പിച്ചത്. ഇതിനായി സാഹിത്യ അക്കാദമി ചെലവഴിച്ചത് 2,35,434/- |

(രണ്ടു ലക്ഷത്തി മുപ്പത്തയ്യായിരത്തി നാനൂറ്റി മുപ്പത്തി നാലു രൂപ മാത്രം)യാണ്, പാലക്കാട് 23 ലക്ഷം രൂപയും വെങ്ങാനൂരിൽ 15 ലക്ഷം രൂപയും വൈക്കത്ത് 11 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. എല്ലാ കേന്ദ്രങ്ങളിലെയും ആചരണ പരിപാടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ അന്തിമ കണക്കുകൾ ലഭ്യമല്ല.

| | |
|---|---|
| സി) പ്രസ്തുത ആഘോഷവുമായി ബന്ധപ്പെട്ട് ശബരി ആശ്രമത്തിന്റെ പുനർനിർമ്മാണത്തിന് ഭീമമായ തുക വകയിരുത്തിയതിന്റെ സാഹചര്യം വിശദമാക്കാമോ; | സി) ഗാന്ധിജിയും കസ്തൂർബായും ഒന്നിലധികം തവണ സന്ദർശിക്കുകയും താമസിക്കുകയും ചെയ്ത പാലക്കാട്ടെ ശബരി ആശ്രമം ചരിത്രപ്രധാനമായ കേന്ദ്രമാണ്. സ്വാതന്ത്ര്യസമര സേനാനി ടി.ആർ.കൃഷ്ണസ്വാമി 1923ൽ സ്ഥാപിച്ച പ്രസ്തുത ആശ്രമം ഇന്ന് ശോചനീയാവസ്ഥയിലാണുള്ളത്. കെട്ടിടങ്ങൾ കാലപ്പഴക്കം കൊണ്ട് അപകടകരമാം വിധം ജീർണ്ണാവസ്ഥയിലുമാണ്. ടി സാഹചര്യത്തിലാണ് ആശ്രമത്തിന്റെ പുനർനിർമ്മാണത്തിനായി 2.66 കോടി രൂപ വകയിരുത്തുകയുണ്ടായത്. |
| ഡി) പ്രസ്തുത ആശ്രമം പുനർനിർമ്മിക്കുവാൻ ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്; വിശദമാക്കാമോ? | ഡി) പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നതേയുള്ളു. ഏജൻസിയെ നിശ്ചയിച്ചിട്ടില്ല. |

Indhu

**സെക്ഷൻ ഓഫീസർ**